**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1677** **11-10-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് അധ്യാപകരുടെ സേവനവേതന വ്യവസ്ഥകളുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ജി.സി. യുടെ കഴിഞ്ഞ പേ റിവിഷനും പുതിയ റെഗുലേഷനും 2016 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയെങ്കിലും സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് 2016 മുതൽ 2019 വരെയുള്ള ശമ്പള കുടിശിക തുക നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുടിശിക തുക എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കുമോ; | (എ) | 21/01/2023 ലെ സ.ഉ (പി) നം. 12/2023/ഫിൻ പ്രകാരം 2023 ജനുവരി മാസം മുതൽ ഗഡുക്കളായി നൽകേണ്ടിയിരുന്ന ഏഴാമത് യു.ജി.സി ശമ്പളപരിഷ്കരണ കുടിശ്ശിക സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ചോ ഇനിയൊരു നിർദ്ദേശം/ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതുവരെയോ തടഞ്ഞുവെച്ചിരിക്കുന്നുവെന്ന് ഉത്തരവായിട്ടുണ്ട് |
| (ബി) | പ്രസ്തുത ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട 50% തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നഷ്ടപ്പെടാനുള്ള സാഹചര്യം എന്തായിരുന്നു എന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാമോ; | (ബി) | കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട **50%** തുകയ്ക്കുള്ള കൃത്യമായ പ്രൊപ്പോസൽ നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ സർക്കാർ സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ 27/07/2022 ലെ കത്ത് പ്രകാരം 50 % പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിത പദ്ധതി 01/04/2023 മുതൽ നിർത്തലാക്കിയതായി കേരളം ഉൾപ്പെടെ 22 സംസ്ഥാനങ്ങളെ അറിയിച്ചു . ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. |
| (സി) | കോളേജ് അധ്യാപകരുടെ പി.ജി. വെയിറ്റേജ് എടുത്തു കളഞ്ഞ് ഉത്തരവിറക്കിയപ്പോഴും സർക്കാരിന്റെ ഗ്രാന്റ് കൊണ്ട് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റികളിൽ യു.ജി. കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാ കോഴ്സുകൾക്കും പി.ജി. വെയിറ്റേജ് നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൊരുത്തക്കേട് പരിഹരിച്ച് കേരളത്തിൽ തുല്യജോലി ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിലെ എല്ലാ അധ്യാപകർക്കും തുല്യ വർക്ക് ലോഡും തുല്യ ശമ്പളവും നൽകാനുള്ള നടപടി സ്വീകരിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കേരള സർക്കാരിന്റെ 20.8.2024 -ലെ ഇ. 106756/ ടി.ആർ.വൈ./4347/2024 ഇ.1 നമ്പർ സർക്കുലർ | (ഡി) | പരിശോധിക്കുന്നതാണ് |

| | | | |
|---|---|---|---|
| | പ്രകാരം നിലവിൽ നൽകിക്കൊണ്ടിരുന്ന 2019 ന് ശേഷമുള്ള കുടിശിക ബില്ലുകൾ വകുപ്പ് പാസാക്കി നൽകിയെങ്കിലും തുക ലഭ്യമായിട്ടില്ല എന്ന വിഷയം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ